# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2865** **06.11.2019 ലെ മറുപടി**

## പെരിന്തൽമണ്ണ കുത്ത് പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.മഞ്ഞളാംകുഴി അലി:** | **കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തില കുത്ത് പറമ്പ് ഏരിയ കാർഷിക വികസന സൊസൈറ്റിയുടെ കീഴിൽ ളുതയിൽ സ്ഥാപിച്ചിട്ടുള്ള കുത്ത് പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൈപ്പ്ലൈനുകൾ കാലപ്പഴക്കംകൊണ്ട് തുടർച്ചയായി പൊട്ടുന്നത് ജലവിതരണത്തെ ബാധിക്കുന്നതായുള്ള സൊസൈറ്റിയുടെ നിവേദനത്തിന്മേൽ ചീഫ് എഞ്ചിനീയർ (ഐ&എ) എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ)യും (ബി)യും (സി)യും<br>കുത്ത്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ജലവിഭവ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നതല്ല. പ്രസ്തുത പദ്ധതി ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ വരുന്നതാണ്. കുത്ത് പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൈപ്പ് ലൈനുകൾ കാലപ്പഴക്കം കൊണ്ട് തുടർച്ചയായി പൊട്ടുന്നത് സംബന്ധിച്ച പെരിന്തൽമണ്ണ മണ്ഡലത്തിലെ കുത്ത്പറമ്പ് ഏരിയ കാർഷിക വികസന സൊസൈറ്റിയുടെ നിവദേനം ലഭ്യമായതായി കാണുന്നില്ല. എന്നൽ 09/10/2019 ലെ നം. 1300/M(WR/VIP/19 ആയ നിവേദനം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)യ്ക്ക് ലഭ്യമാവുകയും ആയത് റിപ്പോർട്ടിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നല്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) 09.10.2019-ലെ 1300/M (WR/VIP/19) നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ: | |
| (സി) പ്രദേശത്തെ ചെറുകിട കർഷകർക്കും പൊതുജനങ്ങൾക്കും വളരെയധികം പ്രയോജനപ്രദമായ പദ്ധതി എന്ന നിലയിൽ കാലപ്പഴക്കം ചെന്ന പൈപ്പ്ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**